**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4673**

**23-7-2015** ലെ മറുപടിക്ക്

## മുഖാമുഖം സഹകാരി ജനസമ്പർക്ക പരിപാടി

**ചോദ്യം**

ശ്രീ. ടി.എൻ.പ്രതാപൻ
,, വി.ഡി.സതീശൻ
,, പാലോട് രവി
,, എ.പി.അബ്ദുള്ളക്കുട്ടി

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ മുഖാമുഖം സഹകാരി ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോ;

(എ) സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം-2013 എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(ബി) സഹകരണ മേഖലയും സഹകരണ സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് സഹകാരി ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചത് ; വിശദമാക്കുമോ ;

(സി) ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘം പ്രസിഡന്റ് , പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ഭാരവാഹി കൾ, സഹകരണ സംഘം ജീവനക്കാരുടെ സംഘടനകളുടെ ഭാരവാഹികൾ എന്നിവർക്ക് പുറമെ, ജില്ലയിലെ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും സഹകാരി സമ്പർക്ക പരിപാടിയിൽ സഹകരിച്ചിട്ടുണ്ട്.

ഡി) ഇത് വഴി സഹകരണമേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

ഡി) സഹകരണ മേഖല അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളും, സഹകരണ മേഖലയിലെ ഓരോ സെക്ടറും നേരിടുന്ന പ്രശ്നങ്ങളും സഹകരണ സംഘങ്ങളും സഹകരണ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളും സഹകാരി സമ്പർക്ക പരിപടിയിൽ ചർച്ച ചെയ്തു എന്നതാണ് പ്രധാന നേട്ടം. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്.

Aryayan

**സെക്ഷൻ ഓഫീസർ**